*"I am not sure whether Modi ever sold tea. But I am very sure he is selling out the whole country today"*

*Raghuram Rajan, Former Governor, Reserve Bank of India*

## കേന്ദ്രസർക്കാരിന്റെ ജനദ്രോഹ – തൊഴിലാളി ദ്രോഹനയത്തിനെതിരെ

# ദേശീയപ്രക്ഷോഭം

## 2017 നവംബർ 9, 10, 11 തീയതികളിൽ

# തൊഴിലാളികളുടെ മഹാധർണ പാർലമെന്റിനു മുന്നിൽ

സഖാക്കളെ,

മോദി സർക്കാർ നടപ്പാക്കി വരുന്ന നവഉദാരവത്ക്കരണ നയങ്ങൾക്കും തൊഴിലാളി ദ്രോഹ നയങ്ങൾക്കുമെതിരെ, രാജ്യത്തെ ദേശീയ ട്രേഡ് യൂണിയനുകൾ സംയുക്തമായി പ്രഖ്യാപിച്ച ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായുള്ള മഹാധർണ നവംബർ 9, 10, 11 തീയതികളിൽ പാർല മെന്റിന് മുന്നിൽ നടക്കുകയാണ്. ലക്ഷക്കണക്കിന് തൊഴിലാളികളും കേന്ദ്ര-സംസ്ഥാന ജീവന ക്കാരും ബാങ്ക്- ഇൻഷ്വറൻസ് ജീവനക്കാരും ടെലികോം-റെയിൽവേ ജീവനക്കാരും മൂന്ന് ദിവസം തുടർച്ചയായി നടത്തുന്ന മഹാധർണ സ്വതന്ത്രഭാരത ചരിത്രത്തിലെ ഏറ്റവും വലിയ തൊഴിലാളി മുന്നേറ്റമാകും. ചുവടെ കൊടുക്കുന്ന 12 മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് ധർണ നടത്തുന്നത്.

1. ചരക്കു കമ്പോളത്തിലെ ഊഹക്കച്ചവടം നിരോധിച്ചും പൊതുവിതരണ സമ്പ്രദായം സാർവ്വ ത്രികമാക്കിയും വിലക്കയറ്റം നിയന്ത്രിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.
2. തൊഴിലുകൾ സൃഷ്ടിക്കാൻ മൂർത്തമായ നടപടി സ്വീകരിച്ച് തൊഴിലില്ലായ്മ നിയന്ത്രിക്കുക.
3. ഒഴിവുകളോ സൗജന്യങ്ങളോ അനുവദിക്കാതെ, അടിസ്ഥാന തൊഴിൽ നിയമങ്ങൾ ശക്തമായി നടപ്പിലാക്കുകയും നിയമലംഘകർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുകയും ചെയ്യുക.
4. എല്ലാ തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷ സാർവത്രികമാക്കുക.
5. പ്രതിമാസ മിനിമം വേതനം 18,000 രൂപയാക്കുക, അത് വില സൂചികയുമായി ബന്ധപ്പെടുത്തുക.
6. തൊഴിലെടുക്കുന്നവർക്കെല്ലാം 3000 രൂപയായി പെൻഷൻ ഉയർത്തി നൽകുക.
7. കേന്ദ്ര/ സംസ്ഥാന പൊതുമേഖലകളുടെ ഉടമസ്ഥത കൈയൊഴിയുന്ന തന്ത്രപ്രധാന ഓഹരി വിൽപ്പന നിർത്തലാക്കുക.

8. സ്ഥിരവും തുടർച്ചയുള്ളതുമായ തൊഴിലുകൾ കോൺട്രാക്ട് നൽകുന്നത് അവസാനിപ്പിക്കുക.
9. ബോണസ്, പ്രോവിഡന്റ്ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള എല്ലാ പരിധികളും എടുത്തുകളയുക.
10. ഐ.എൽ.ഒ കൺവെൻഷനിലെ സി 87, സി 98 വ്യവസ്ഥപ്രകാരം അപേക്ഷനൽകി 45 ദിവസത്തിനുള്ളിൽ ട്രേഡ് യൂണിയനുകളുടെ നിർബന്ധിത രജിസ്ട്രേഷൻ എന്ന തത്വം നടപ്പിൽ വരുത്തുക.
11. തൊഴിൽ നിയമഭേദഗതികൾ പിൻവലിക്കുക.
12. റയിൽവെ, ഇൻഷുറൻസ്, പ്രതിരോധം തുടങ്ങിയ മേഖലകളിലെ വിദേശനിക്ഷേപനീക്കം ഉപേക്ഷിക്കുക.

രാജ്യം ഗുരുതരമായ സാമ്പത്തിക തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ ജി.ഡി.പി വളർച്ച 7.1% ൽ നിന്നും 5.7% ലേയ്ക്ക് കൂപ്പുകുത്തി. ജി.ഡി.പി കണക്കാക്കുന്ന രീതി മാറിയതുമൂലമാണ് 5.7% വർദ്ധനവ് കണക്കാക്കപ്പെട്ടതെന്നും യഥാർത്ഥത്തിൽ ജി.ഡി.പി. വർദ്ധനവ് 3.7% മാത്രമാണെന്നുമാണ് ബി.ജെ.പി നേതാക്കന്മാരും മുൻ കേന്ദ്രമന്ത്രിമാരുമായ യശ്വന്ത് സിൻഹയും ഡോ.സുബ്രഹ്മണ്യസ്വാമിയും പരസ്യമായി അഭിപ്രായപ്പെട്ടത്. 2017 ജൂൺ 30 ന്റെ കണക്കുപ്രകാരം ബാങ്കുകളുടെ കിട്ടാകടം 8.26 ലക്ഷം കോടി രൂപയാണ്. ഇതിൽ 25% ഉം 12 വൻകിടക്കാരുടേതാണ്. ഈ കുത്തകകളുടെ പേര് വെളിപ്പെടുത്താൻ പോലും റിസർവ്വ് ബാങ്കോ കേന്ദ്രസർക്കാരോ തയ്യാറാകുന്നില്ല.

മധ്യപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, രാജസ്ഥാൻ, പഞ്ചാബ്, എന്നിവിടങ്ങളിൽ കർഷക ആത്മഹത്യ വർദ്ധിക്കുകയാണ്. 1995 ന് ശേഷം 3 ലക്ഷത്തോളം കർഷകരാണ് ഇന്ത്യയിൽ ആത്മഹത്യ ചെയ്തത്. യു.എൻ പുറത്തുവിട്ട ഏറ്റവും അവസാനത്തെ കണക്കുപ്രകാരം ഓരോ 32 മിനിട്ടിലും ഇന്ത്യയിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്യുന്നു. ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്ന കർഷകന്റെ ശരാശരികടം 49,260/- രൂപാ മാത്രമെന്നും യു.എൻ രേഖകൾ പറയുന്നു. ഉദ്പാദന ചെലവിനോട് 50% തുക വർധിപ്പിച്ച്, കാർഷിക ഉൽപ്പന്നങ്ങൾക്ക് മിനിമം താങ്ങുവില നിശ്ചയിക്കണമെന്ന സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്നായിരുന്നു ബി.ജെ.പിയുടെ തെരെഞ്ഞെടുപ്പ് പ്രഖ്യാപനം. അധികാരത്തിൽവന്ന് മൂന്നുവർഷമായിട്ടും ഒന്നും നടപ്പാക്കിയില്ലെന്ന് മാത്രമല്ല രാജ്യത്തെ കർഷകർ ഈയാംപാറ്റകളെ പോലെ വെന്തുമരിക്കുകയുമാണ്!

2016 നവംബർ 8ന് പ്രധാനമന്ത്രി പ്രഖ്യാപിച്ച നോട്ട് നിരോധനവും വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ നടപ്പിലാക്കിയ ജി.എസ്.റ്റിയുമാണ് ഗുരുതരമായ ഇന്നത്തെ സാമ്പത്തിക തകർച്ചയ്ക്ക് മുഖ്യകാരണം. വെള്ളാപ്പള്ളി നടേശൻ, സുരേഷ് ഗോപി, മോഹൻലാൽ എന്നീ 'സാമ്പത്തിക വിദഗ്ധർ' മാത്രമാണ് നോട്ട് നിരോധനത്തെ പ്രശംസിച്ചത്. ഡോ.മൻമോഹൻസിംഗ്, ഡോ.അമർത്യാസെൻ, ഡോ.പ്രഭാത്പട്നായ്ക്, ഡോ.ടി.എം.തോമസ് ഐസക്, മുൻ റിസർവ്വ് ബാങ്ക് ഗവർണർ രഘുറാം രാജൻ എന്നിവരെല്ലാം തന്നെ നോട്ട് നിരോധനത്തെ ശക്തമായി എതിർത്തു. "അതിവേഗതയിൽ ഓടിക്കൊണ്ടിരിക്കുന്ന കാറിന്റെ ടയറിന് നേരെ വച്ച വെടിയാണ് നോട്ട് നിരോധനം" എന്നാണ് പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ ജീൻ ഡ്രെഗെ അഭിപ്രായപ്പെട്ടത്. "Demonetisation is an organised loot and legalised plundering of common people ..." എന്നാണ് ഡോ.മൻമോഹൻസിംഗ് അഭിപ്രായപ്പെട്ടത്. ഈ തീരുമാനം രാജ്യത്തിന്റെ ജി.ഡി.പിയിൽ 2% കുറവ് വരുത്തുമെന്നും അദ്ദേഹം കൃത്യമായി പ്രവചിച്ചു. "നോട്ട് നിരോധനം അസംബന്ധ നാടകമാണെന്നും ഇത് രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരത തകർക്കുന്ന ദേശീയ ദുരന്തമായി മാറുമെന്നും" ഡോ.തോമസ് ഐസക്കും കൃത്യമായി പ്രവചിച്ചു. കേന്ദ്രഭരണാധികാരികളുടെ തെറ്റായ തീരുമാനങ്ങൾക്ക് രാജ്യവും ജനതയും വിലകൊടുക്കുകയാണ്.

അന്താരാഷ്ട്ര മാർക്കറ്റിലെ ക്രൂഡ്ഓയിലിന്റെ വില 150 ഡോളറിൽ നിന്നും 51 ഡോളറായി കുറഞ്ഞിട്ടും നമ്മുടെ രാജ്യത്ത് പെട്രോൾ/ ഡീസൽ വിലകുതിച്ചുയരുകയാണ്. കഴിഞ്ഞ 2 വർഷ ങ്ങൾക്കുള്ളിൽ മാത്രം പെട്രോൾ/ഡീസലിന്റെ എക്സൈസ് നികുതി 11 തവണയാണ് കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചത്. പാകിസ്ഥാനിൽ 42 രൂപയ്ക്കും ശ്രീലങ്കയിൽ 54 രൂപയ്ക്കും ഇൻഡോ നേഷ്യയിൽ 40 രൂപയ്ക്കും നൽകുന്ന പെട്രോളിന് ഇന്ത്യയിലെ വില 73 രൂപയാണ്.

തെരെഞ്ഞെടുപ്പ് കാലത്ത് ഉയർത്തിയ മറ്റൊരു മുദ്രാവാക്യമായിരുന്നു വികസനം! മേക്ക് ഇൻ ഇന്ത്യാ ആശയവുമായി മോദി ലോകം മുഴുവൻ കറങ്ങി. നിക്ഷേപകരിൽ ആത്മവിശ്വാസം ജനിപ്പിക്കാൻ തൊഴിൽ നിയമങ്ങൾ മുതലാളിമാർക്കു വേണ്ടി തിരുത്തി എഴുതി. തൊഴിലാളിക ളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും ഒന്നൊന്നായി തട്ടിപ്പറിക്കുകയാണ്. ഇതൊക്കെ ചെയ്തിട്ടും രാജ്യത്തിന്റെ സാമ്പത്തിക നില പുറകോട്ടടിക്കുകയാണുണ്ടായത്. പ്രതിവർഷം 2 കോടി തൊഴില വസരം സൃഷ്ടിക്കുമെന്നായിരുന്നു മറ്റൊരു വാഗ്ദാനം. എന്നാൽ ബി.ജെ.പിയുടെ കഴിഞ്ഞ മൂന്നു വർഷത്തെ ഭരണകാലയളവിൽ ആകെ സൃഷ്ടിക്കപ്പെട്ട പുതിയ തൊഴിൽ 5 ലക്ഷത്തോളം മാത്രമാ ണ്. എന്നാൽ അതിലേറെ പേർക്ക് ഉണ്ടായിരുന്ന തൊഴിലും നഷ്ടമായി. വ്യവസായങ്ങളുടെ പ്രത്യേ കിച്ച് ചെറുകിട വ്യവസായങ്ങളുടെ അടച്ചുപൂട്ടലായിരുന്നു കാരണം. ഐ.റ്റി മേഖലയിൽ നിന്നും വൻതോതിലാണ് പിരിച്ചുവിടൽ നടക്കുന്നത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യ പടുത്തുയർത്തിയ പൊതുമേഖലാസ്ഥാപനങ്ങളെയെല്ലാം സ്വകാ ര്യവൽക്കരിക്കുകയാണ്. കേരളത്തിന്റെ അഭിമാനസ്ഥാപനങ്ങളായ കൊച്ചിൻ ഷിപ്പ്യാർഡ്, വെള്ളൂർ ന്യൂസ് പ്രിന്റ്, ബെമൽ- കഞ്ചിക്കോട്, ഹിന്ദുസ്ഥാൻ ലൈഫ് കെയർ, ഇൻസ്ട്രുമെന്റേഷൻ- പാല ക്കാട് എന്നിവ സ്വകാര്യ വ്യക്തികൾക്ക് കൈമാറുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോടും എറണാകുളം സൗത്തും വിൽക്കാൻ വച്ചിരിക്കുകയാണ്. കൂടാതെ രാജ്യത്തെ എല്ലാ ജില്ലാ ആശുപത്രികളും സ്വകാര്യവൽക്കരിക്കാനുള്ള നിർദ്ദേശം കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്തരം തെറ്റായ നയങ്ങൾക്കെതിരെ രാജ്യത്താകെ തൊഴിലാളി കർഷക ജനവിഭാഗങ്ങളുടെ പ്രതിഷേധ സമരങ്ങൾ ശക്തിപ്പെട്ടു വരികയാണ്. ഹിന്ദുരാഷ്ട്രവാദം ഉയർത്തി രാജ്യത്താകെ വർഗ്ഗീയാഗ്നി പടർത്താൻ ആർ.എസ്.എസും ബി.ജെ. പിയും പരിശ്രമിക്കുകയാണ്. ഇതിനെതിരെ മതനിരപേക്ഷതയുടെ ഭാഗത്തു നിൽക്കുന്നവരെ നിഷ്ക്ക രുണം കൊന്നുതള്ളുകയാണ്. ബാംഗ്ലൂരിലെ മാധ്യമപ്രവർത്തക ഗൗരി ലങ്കേഷ് ആണ് ഒടുവിലത്തെ ഇര. ഒരു എതിർ ശബ്ദവും അവർ വെച്ചു പൊറുപ്പിക്കില്ല. മെർസൽ സിനിമയിലെ ഒരു ഡയലോഗ് പോലും അവരെ വിറളിപിടിപ്പിക്കുകയാണ്. ഭാരതീയ, പൈതൃകത്തിന്റെ അഭിമാനചിഹ്നമായ താജ്മ ഹലിന് നേരെയും വിഷം തുപ്പുകയാണ്. ഭരണകൂടത്തിന്റെ തെറ്റായ നയങ്ങളെ എതിർക്കുന്നവ രെല്ലാം രാജ്യദ്രോഹികളാണ്.

ഈ ആസുരസാഹചര്യത്തിൽ ജാതി-മത സങ്കുചിതചിന്തകൾക്കതീതമായി രാജ്യത്തെ തൊഴി ലാളി വർഗ്ഗം സംഘടിതമായി നടത്തുന്ന ധർണ്ണാസമരത്തിന് ചരിത്രപ്രാധാന്യമുണ്ട്. ഐതിഹാസി കമായ ഈ മഹാസമരത്തിൽ കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷനും അണിചേരുകയാണ്. നമ്മുടെ സ്ഥാപനത്തിൽ നിന്ന് 14 വനിതകൾ ഉൾപ്പെടെ 65 സഖാക്കൾ പാർലമെന്റിനുമുന്നിലെ മഹാധർണ്ണാ സമരത്തിൽ അണിനിരക്കും.

നല്ലൊരു നാളെ പടുത്തുയർത്താൻ അഭിമാനത്തോടെ നാം മുന്നോട്ട്!

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം

31/10/2017

**എസ്.മുരളീകൃഷ്ണപിള്ള**

ജനറൽ സെക്രട്ടറി

കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു)

# ആരാണ് ഇവർ ?

- ഇവർ സംസാരിച്ചത് പട്ടിണിയെ കുറിച്ചല്ല !
- ഇവർ സംസാരിച്ചത് ദാരിദ്ര്യത്തെ കുറിച്ചല്ല
- ഇവർ സംസാരിച്ചത് പെട്രോൾ വില കുറക്കാത്തതിനെ കുറിച്ചല്ല !
- ഇവർ സംസാരിച്ചത് വില വർദ്ധനയെ കുറിച്ചുമല്ല !
- ഇവർ സംസാരിച്ചത് അഴിമതിയെ കുറിച്ചല്ല !
- ഇവർ സംസാരിച്ചത് തൊഴിലില്ലായ്മയെ കുറിച്ചല്ല !
- ഇവർ സംസാരിച്ചത് പാവങ്ങളെ പരിപാലിക്കുന്നതിനെ കുറിച്ചുമല്ല !
- ഇവർ സംസാരിച്ചത് ഗോശാലകൾ നിർമിക്കുന്നതിനെ കുറിച്ചാണ് !
- ഇവർ സംസാരിച്ചത് ഗോമാംസം ഭക്ഷിക്കുന്നവരെ തല്ലിക്കൊല്ലുന്നതിനെ കുറിച്ചാണ് !
- ഇവർ സംസാരിച്ചത് സ്ത്രീ സുരക്ഷയെ കുറിച്ചല്ല !
- ഇവർ സംസാരിച്ചത് അമ്പലം പണിയുന്നതിനെ കുറിച്ചാണ് !
- ഇവർ സംസാരിച്ചത് കോടികൾ മുടക്കി പ്രതിമ പണിയുന്നതിനെ കുറിച്ചാണ് !
- ഇവർ സംസാരിച്ചിട്ടുണ്ട് മുസ്ലീങ്ങളെയും കൃസ്ത്യാനികളേയും വന്ധ്യകരണം ചെയ്യുന്നതിനെ കുറിച്ച്!
- ഇവർ പ്രതിഷേധിച്ചിട്ടുണ്ട് രാത്രിയിൽ സ്ത്രീകൾ പുറത്തിറങ്ങുന്നതിനെതിരെ !
- ഇവർ പ്രതിഷേധിച്ചിട്ടുണ്ട് സ്ത്രീകൾ ജീൻസ് ധരിക്കുന്നതിനെതിരേ !
- ഇവർ പറഞ്ഞിട്ടുണ്ട് തൊഴിലില്ലായ്മക്ക് കാരണം സ്ത്രീകൾ ജോലിക്ക് പോകുന്നത് കൊണ്ടാണെന്ന് !
- ഇവരുടെ നേതാവ് പറഞ്ഞിട്ടുണ്ട് കർഷക ആത്മഹത്യക്ക് കാരണം പ്രണയ നൈരാശ്യം ആണെന്ന് !
- ഇവർ പറഞ്ഞിട്ടുണ്ട് ഹിന്ദു സ്ത്രീകൾ പത്ത് പ്രസവിക്കേണ്ട ആവശ്യകതയെ കുറിച്ച് !
- ഇവർ പ്രധിഷേധിച്ചിട്ടുണ്ട് സ്വതന്ത്രമായി എഴുതുന്നവർക്കെതിരെ !
- ഇവർ കൊന്നിട്ടുണ്ട് സ്വതന്ത്ര എഴുത്തുകാരെ !
- ഇവർ സംസാരിച്ചിട്ടുണ്ട് പശുവിനേ ദേശീയ മൃഗമാക്കുന്നതിനെ കുറിച്ച് !
- ഇവർ സംസാരിച്ചിട്ടുണ്ട് രാഷ്ട്ര പിതാവിനെ വെടിവെച്ചു കൊന്ന ഗോഡ്സേക്ക് അമ്പലം പണിയുന്നതിനെ കുറിച്ച് !
- ഇവരും പ്രതിഷേധിച്ചിട്ടുണ്ട് ബീഫ് കഴിക്കുന്നതിനെതിരേയും ബീഫിന്റെ പേരിൽ ആളെ കൊന്നവരെ അറസ്റ്റ് ചെയ്തതിനെതിരേയും !
- ഇവർ പറഞ്ഞിട്ടുണ്ട് പലരോടും പാക്കിസ്ഥാനിൽ പോവാൻ !
- ഇവർ പറഞ്ഞിട്ടുണ്ട് ഭരണഘടനയിൽ നിന്നും മതേതരത്വം എടുത്തു കളയണമെന്ന് !




**അതേ... അച്ഛാ ദിൻ ആയേഗ**

*(കടപ്പാട്: ഫെയ്സ്ബുക്ക് പോസ്റ്റ്)*